മയക്കുമരുന്നുകൾക്ക് എതിരായി നിലവിലുള്ള നിയമങ്ങൾ സർക്കാർ കർശനമായി നടപ്പിൽ വരുത്താത്തപക്ഷം ആർ എത്ര യത്നിച്ചാലും യുവജനങ്ങൾക്കിടയിൽ ഈ തിന്മ വേരുറയ്ക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ, ഈ ബോധം സർക്കാരിന് ഉണ്ടായിട്ടുണ്ടോ? സർക്കാരിന്റെ അറിവോ മനസ്സമ്മതമോ കൂടാതെയാണോ ഇടുക്കി ജില്ല വലിയൊരു കഞ്ചാവുതോട്ടമായി മാറിയത്?

സർക്കാരിന്റെ ടൂറിസം വകുപ്പു നടത്തുന്ന വലിയൊരു ഹോട്ടലിൽ തേയിലയോടൊപ്പം ഉണക്കിപ്പൊടിച്ച കഞ്ചാവില കൂട്ടിച്ചേർത്തു തയ്യാറാക്കുന്ന 'കഞ്ചാവ് ചായ' ആവശ്യക്കാർക്കു നല്കിവരുന്നുണ്ടെന്ന് അവിടെ പാചകനായിരുന്ന ഒരു സുഹൃത്ത് എന്നോടു പറയുകയുണ്ടായിട്ടുണ്ട്. 'കഞ്ചാവു ചായ' പോലെ കഞ്ചാവുദോശ, കഞ്ചാവ് ഓംലെറ്റ് മുതലായ വിഭവങ്ങളും പല വലിയ ഹോട്ടലുകളിലും കിട്ടുമത്രേ. ഈ ആരോപണം നിഷേധിക്കാൻ ടൂറിസം വകുപ്പുകാർക്കു കഴിയുമോ?

അതെന്തായാലും കുട്ടികളെ ഈ മാരകമായ വിപത്തിൽനിന്നു രക്ഷിക്കുവാൻ കേരളത്തിലെ അദ്ധ്യാപകരും രക്ഷിതാക്കളും സംഘടിതയത്നം ആരംഭിക്കേണ്ടിയിരിക്കുന്നു ഓരോ വിദ്യാലയത്തിലുമുള്ള അദ്ധ്യാപക–രക്ഷാകർത്തൃ സംഘടനകളെ ഊർജിതപ്പെടുത്തണം; വിദ്യാലയങ്ങൾക്കു ചുറ്റുമുള്ള മയക്കുമരുന്നു കച്ചവടം കർശനമായി തടയണം; കുട്ടികളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന ശീലം ഉള്ളവരെ കണ്ടുപിടിച്ചു ചികിത്സിക്കണം. മററു കുട്ടികൾക്ക് മയക്കുമരുന്നു വിപത്തിനെപ്പററി ശരിയായ അറിവ് ഉണ്ടാക്കിക്കൊടുക്കുകയും വേണം.

ദില്ലിയിലെന്നപോലെ കേരളത്തിലും പ്രാഥമിക ഘട്ടംമുതൽ കോളേജ് ഘട്ടംവരെ വിദ്യാലയങ്ങളിൽ മയക്കുമരുന്നുകൾക്കെതിരായ ഒരു ബോധവല്ക്കരണപ്രസ്ഥാനം ആരംഭിക്കാൻ സമയമായി എന്ന് എനിക്കു തോന്നുന്നു.

ഉദ്ബുദ്ധരായ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

(8 ജൂൺ, 1988)

# 93. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുകൾ

കല്ലേറ്, കത്തിക്കുത്ത്, തീവെപ്പ്, തെരുവുയുദ്ധം, നാടൻ ബോംബു പൊട്ടിക്കൽ മുതലായവ ജനാധിപത്യത്തിന്റെ അനപേക്ഷണീയ സവിശേഷതകളാണെങ്കിൽ ആണ്ടുതോറും സ്കൂളുകളിലെ 'പാർലമെന്റു'കളിലേക്കു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ജനാധിപത്യപ്രക്രിയയിൽ ഫലപ്രദമായ പരിശീലനമാണു നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്കു നൽകുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്കൂളുകളിൽനിന്നു കോളേജുകളിലൂടെയും പാരലൽ കോളേജുകളിലൂടെയും കടന്നു പ്രായപൂർത്തിയെത്തിയ പൗരന്മാരായി പുറത്തുവരുമ്പോഴേക്കും ഈ കുഞ്ഞുങ്ങളിൽ വലിയ ഒരു വിഭാഗം ഏതു് അക്രമത്തിനും ഉളുപ്പില്ലാത്ത മുഷ്കരന്മാരും റൗഡികളുമായി പരിണമിച്ചില്ലെങ്കിലേ അത്ഭുതമുള്ളു.

ജൂലൈ 15-ാം തീയതി കേരളത്തിലുടനീളം ആയിരത്തിനാനൂറോളം ഹൈസ്കൂളുകളിൽ 'പാർലമെന്റു'കളിലേക്കു നടന്ന തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച പത്രവാർത്തകൾ നിരത്തിവെച്ചാണു ഞാൻ ഇതെഴുതുന്നത്. കേരളത്തിൽ എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും തനതായ വിദ്യാർത്ഥിസംഘടനകളുണ്ട്. മാർക്സിസ്റ്റ്പാർട്ടിയുടെ എസ്. എഫ്. ഐ., കോൺഗ്രസ്–ഐ. യുടെ കെ. എസ്. യു., മുസ്ലിംലീഗിന്റെ എം. എസ്. എഫ്., ഭാരതീയ ജനതാ

പ്പാർട്ടിയുടെ എ. ബി. വി പി., ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ എ. ഐ. എസ്. എഫ്., ജനതാപ്പാർട്ടിയുടെ വിദ്യാർത്ഥി ജനത എന്നിവയാണ് ഇപ്പോൾ കേരളത്തിലെ പ്രമുഖ വിദ്യാർത്ഥിസംഘടനകൾ. ഇവയല്ല പുറമെ മററു രാഷ്ട്രീയപ്പാർട്ടികൾക്കും സ്വന്തം വിദ്യാർത്ഥിസംഘടനകൾ നിലവിലുണ്ട്. ശക്തിയുള്ളിടങ്ങളിൽ തനിച്ചും ശക്തി കുറഞ്ഞയിടങ്ങളിൽ മററു പാർട്ടികളുടെ സംഘടനകളുമായി കൂട്ടുചേർന്ന മുന്നണികളുണ്ടാക്കിയും ഈ വിദ്യാർത്ഥിസംഘടനകൾ തിരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളെ നിർത്തുന്നു. പ്രചാരവേലയ്ക്ക് ഈ സംഘടനകളോരോന്നും വലിയ തോതിൽ പണം ചെലവഴിക്കുന്നു. വിദ്യാർത്ഥി സംഘടനകളിലെ ഇളംപ്രായത്തിലുള്ള പ്രവർത്തകർക്ക പണമോ കൈയൂക്കോ വാക്പാരുഷ്യമോ അക്രമവാസനയോ പോരെന്നു തോന്നുന്ന സ്ഥലങ്ങളിൽ മാതൃരാഷ്ട്രീയ സംഘടനകളിലെ പ്രവർത്തകർ മറ നീക്കി അവരുടെ തുണയ്ക്കെത്തുന്നു.

കണ്ണൂർ ലേഖകൻ ജൂലൈ 16-ാം തീയതിയിലെ മാതൃഭൂമിയിൽ എഴുതി: 'സ്കൂൾ വിദ്യാർത്ഥികളെക്കാൾ വാശി പുറത്തുള്ള പാർട്ടി പ്രവർത്തകർക്കായിരുന്നു. കാലത്തു മുതൽക്കുതന്നെ അതാതു സംഘടനകളുടെ യുവജനവിഭാഗങ്ങളുടെ പ്രവർത്തകർ സ്കൂളുകൾക്ക മുമ്പിൽ തമ്പടിച്ചു നിർദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. വിദ്യാർത്ഥികൾ തമ്മിലുണ്ടായ കശപിശകൾ അവർ ഏറെറടുത്തതോടെയാണു പല സ്ഥലത്തും സംഘട്ടനങ്ങളും കല്ലേറുകളും ഉണ്ടായത്.'

ഇതു് കണ്ണൂരിലെ മാത്രം സ്ഥിതിയായിരുന്നില്ല. കേരളത്തിലുടനീളം രാഷ്ട്രീയമുഷ്കരന്മാർ കുട്ടിക്കുരങ്ങുകളെക്കൊണ്ടു ചോറു മാന്തിക്കുന്നതാണ് സ്കൂൾ പാർലമെൻറുകളിലേക്ക തിരഞ്ഞെടുപ്പു നടന്ന ജൂലൈ 15-ാം തീയതി ദൃശ്യമായതു്. 'സംഘട്ടനത്തെത്തുടർന്നു് പോലീസ് ഇരുവിഭാഗത്തെയും വിരട്ടിയോടിച്ചു. ചില മാരകായുധങ്ങൾ പോലീസ് പിടിച്ചെടുത്തു. ചിലരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്' എന്ന തരത്തിലുള്ള പ്രസ്താവനകൾ മിക്ക സ്ഥലങ്ങളിൽനിന്നുമുള്ള പത്രറിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ജൂലൈ 16-ലെ 'ഇന്ത്യൻ എക്സ്പ്രസ്സി'ൽ തിരുവനന്തപുരം ലേഖകൻ എഴുതി:

'കേരളത്തിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പാർലമെൻറുകളിലേക്ക നടന്ന തിരഞ്ഞെടുപ്പിൽ പലടത്തും ഏററുമുട്ടലുകളുണ്ടായി. ചിലേടത്തു തമ്മിലടി കെ. എസ്. യു.-ഐ. യുടെയും എസ്. എഫ്. ഐ. യുടെയും പ്രവർത്തകർ തമ്മിലായിരുന്നെങ്കിൽ മററു ചിലേടത്തു് എസ്. എഫ്. ഐ. പ്രവർത്തകരും എ. ബി. വി. പി. പ്രവർത്തകരുമാണു പരസ്പരം ഏററുമുട്ടിയതു്. പരുക്കപററിയ പല വിദ്യാർത്ഥികളെയും ആസ്പത്രികളിൽ പ്രവേശിപ്പിച്ചു. ഏററുമുട്ടലുകൾ സംബന്ധിച്ചു പലരെയും പോലീസ് വളഞ്ഞുപിടിച്ചു; അവർക്കെതിരെ കേസ് ചാർജുചെയ്തു. തലസ്ഥാനനഗരിയിൽ എസ്. എഫ്. ഐ. ക്കാരും എ. ബി. വി. പി. ക്കാരും 'പൊരിഞ്ഞ യുദ്ധങ്ങൾ' നടത്തി. കിഴക്കേ കോട്ടയിൽ ഗവൺമെൻറ് സെൻട്രൽ ഹൈസ്കൂളിൻെറ മുമ്പിലും ചാലയിൽ ഗവൺമെൻറ് ഹൈസ്കൂളിനു മുമ്പിലുമായിരുന്നു പ്രധാനപ്പെട്ട പോരാട്ടങ്ങൾ.' കിഴക്കേക്കോട്ടയിലെ ഏററുമുട്ടലിൽ 'നാടൻ ബോംബേറ്' നടന്നതായി അന്നത്തെ 'മാതൃഭൂമി' രേഖപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ 'കശപിശ' രാഷ്ട്രീയപ്രവർത്തകരും രാഷ്ട്രീയപാർട്ടികളുടെ മുന്നണിസംഘടനകളായ ആർ. എസ്. എസ്., ഡി. വൈ. എഫ്. ഐ. മുതലായവയിലെ പ്രവർത്തകരും ഏറെറടുക്കുന്നതിൻെറ ഒരു ഉദാഹരണം നോക്കുക. ജൂലൈ 16-ലെ 'മാതൃഭൂമി'യുടെ കണ്ണൂർ റിപ്പോർട്ടിൽനിന്നാണ് ഈ ഉദ്ധാരണം:

'ഒരു പള്ളിക്കുനേരെ കല്ലു വീണതോടെയാണു പ്രശ്നം രൂക്ഷമായതു്. തുടർന്നു് ഇരുവിഭാഗവും പരസ്പരം കല്ലേറു നടത്തി. തക്ക സമയത്തു പോലീസ് എത്തിയതിനാൽ സംഘട്ടനം വ്യാപിച്ചില്ല. കല്ലേറിൽ പരുക്കേററ മനോഹരൻ, പവിത്രൻ, പ്രകാശൻ എന്നീ ഡി. വൈ. എഫ്. ഐ. പ്രവർത്തകരെയും

അഹമ്മദ്കുട്ടി, മൊയ്തീൻകുട്ടി എന്നീ കോൺഗ്രസ്—ഐ പ്രവർത്തകരെയും ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. തലശ്ശേരി പോസ്റ്റ്ഓഫീസ് റോഡിൽ വിജയാഹ്ലാദപ്രകടനം നടന്നുകൊണ്ടിരിക്കേ ബ്രണ്ണൻ ഹൈസ്കൂളിലെ എസ്. എഫ്. ഐ. പ്രവർത്തകൻ എം. വി. ഫൈസലിനെ ആർ. എസ്. എസ്. കാരുടെ മർദ്ദനമേററും എ. ബി. വി. പി. ക്കാരനായ എം. പി. സുരേഷിനെ ഡി. വൈ. എഫ്. ഐ. ക്കാരുടെ മർദ്ദനമേററും തലശ്ശേരി ഗവൺമെൻറ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. എം. ജി. റോഡിലെ കോൺഗ്രസ്—ഐ ഓഫീസ്സിനുനേരെ കല്ലേറു നടന്നതായി ആരോപണമുണ്ട്. പയ്യന്നൂരിൽ സംഘട്ടനത്തെ തുടർന്നു കെ. എസ്. യു.—ഐ, എം. എസ്. എഫ്., യൂത്ത് കോൺഗ്രസ് ഐ എന്നിവയുടെ പ്രവർത്തകരായ അഞ്ചു പേരെയും രണ്ട് എസ്. എഫ്. ഐ ക്കാരേയും ഗവൺമെൻറ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സി. കെ. പ്രേമചന്ദ്രൻ, സെക്രട്ടറി കെ. പി. അജിത്ലാൽ എന്നിവരും ആസ്പത്രിയിലുണ്ട്.'

മാതൃഭൂമിയുടെ അതേ ലക്കത്തിൽ കോഴിക്കോട്ട് ലേഖകൻ എഴുതി:

'മറെറാരു സ്കൂളിൽ പ്രചരണം നടത്തി മടങ്ങിവരികയായിരുന്ന മാവൂർ ഹൈസ്കൂളിലെ എട്ടാംതരം വിദ്യാർത്ഥി അനിലിനെ കത്തിക്കുത്തിൽ പരുക്കേററനിലയിൽ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. ഒപ്പമുണ്ടായിരുന്ന കൃഷ്ണദാസ്, അശോക്കുമാർ, ഹരിഹരൻ, സുധീർ എന്നീ ബി. ജെ. പി. പ്രവർത്തകർക്കും കത്തിക്കുത്തേററിട്ടുണ്ട്. ഒരു ഡി. വൈ. എഫ്. ഐ. പ്രവർത്തകനും സംഘട്ടനത്തിൽ പരുക്കേററ് ആസ്പത്രിയിലായി. വേളം ഹൈസ്കൂളിൽ പരുക്കേററ ആറു വിദ്യാർത്ഥികളും എസ്. എഫ്. ഐ. പ്രവർത്തകരാണ്. കല്ലാച്ചി ഹൈസ്കൂളിൽ രണ്ട് എം. എസ്. എഫ്. വിദ്യാർത്ഥികൾക്ക പരുക്കേററു സ്ഥലത്തെ മാർക്സിസ്റ്റ് പാർട്ടി ഓഫീസിനുനേരെ കല്ലേറുണ്ടായതിനെത്തുടർന്നാണു സംഘർഷമുണ്ടായത്. കൊക്കല്ലൂർ ഹൈസ്കൂളിൽ നടന്ന സംഘട്ടനത്തിൽ പുറത്തുള്ളവരും ഇടപെട്ടു. ബാലുശ്ശേരി മണ്ഡലം കോൺഗ്രസ് ഓഫീസ്സിനുനേരെ കനത്ത കല്ലേറുണ്ടായി. മണ്ഡലം കോൺഗ്രസ് സെക്രട്ടറി കെ. കെ. പരീതിനെ അടിയേററ പരുക്കുകളോടെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു തിരുവള്ളൂര് ഹൈസ്കൂളിൽ തിരഞ്ഞെടുപ്പിനെത്തുടർന്നു കൂട്ടത്തല്ലുണ്ടായി. പേരാമ്പ്രയിൽ രണ്ടു വിഭാഗങ്ങൾ ടൗണിൽ ഏററുമുട്ടി.'

ഉദ്ധരിക്കാൻ ഏറെയുണ്ട്. പക്ഷേ, ഏററുമുട്ടലുകളുടെ സമ്പ്രദായം മനസ്സിലാക്കാൻ ഇത്രയും മതിയാവും. ഭരണമുന്നണിയിലെ വിദ്യാർത്ഥിസംഘടനകളും എതിർ മുന്നണിയിലെ വിദ്യാർത്ഥിസംഘടനകളും തമ്മിൽ മാത്രമല്ല സംഘട്ടനങ്ങൾ നടന്നതു്. ഭരണമുന്നണിക്കകത്തുള്ള കക്ഷിതാല്പര്യ സംഘട്ടനങ്ങളിൽ അതതു കക്ഷികളിലെ വിദ്യാർത്ഥികളെ പങ്കാളികളാക്കാതിരിക്കുന്നതെങ്ങനെ? ജൂലൈ 16—ലെ മാതൃഭൂമിയിൽ കോഴിക്കോട് ലേഖകൻ എഴുതി:

'ആവള കുട്ടോത്ത് ഹൈസ്കൂളിൽ ഭരണമുന്നണിയിൽപ്പെട്ട രണ്ടു വിദ്യാർത്ഥിസംഘടനകൾ ഏററുമുട്ടി. എ. ഐ. എസ്. എഫ്. പ്രകടനത്തിനുനേരെ എസ്. എഫ്. ഐ. ക്കാരാണ് ആക്രമണം നടത്തിയതു്. അഞ്ചു വിദ്യാർത്ഥികൾക്ക് അടിയേററു.'

അതേലക്കം മാതൃഭൂമിയിൽ തിരുവനന്തപുരം ലേഖകൻെറ റിപ്പോർട്ടിൽ നിന്നു്:

'സ്കൂൾ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സി. പി. എം. പ്രവർത്തകർ പലസ്ഥലങ്ങളിലും അക്രമം അഴിച്ചുവിട്ടതായി സി. പി. ഐ. തിരുവനന്തപുരം സിററി സെക്രട്ടറി കടകമ്പള്ളി മോഹനൻ പ്രസ്താവിച്ചു. സി. പി. ഐ. സിററി സെക്രട്ടേറിയററ് അംഗവും എ. ഐ. എസ്. എഫ്. സിററി സെക്രട്ടറിയുമായ സി. എസ്. സതീശനെ കമലേശ്വരം സ്കൂളിനു മുമ്പിൽവെച്ച് സി. ഐ. ടി. യു.—സി. പി എം. പ്രവർത്തകർ ആക്രമിച്ചു പരുക്കേല്പിച്ചു

ണവന്നു് അദ്ദേഹം പറഞ്ഞു. എ. ഐ. വൈ. എഫ്. സിററി കമ്മിററി അംഗമായ ശാസ്താംഗലം ഹരി, എ. ഐ. എസ്. എഫ്.കാരായ രഞ്ജിത്, ഷാജി, ഗിരീഷ്കുമാർ, രാജൻ എന്നിവർക്കും പരിക്കേററു. ഇടതുജനാധിപത്യം വളർന്നുവരേണ്ട സമയത്തു സി. പി. എമ്മിലെ ഉത്തരവാദപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന അക്രമങ്ങളെ സി. പി. ഐ. ഗൗരവപൂർവമാണു കാണുന്നതെന്നു് അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.'

സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പുകൾ ഇങ്ങനെതന്നെയാണോ നടത്തേണ്ടതു്? കുട്ടികളെ തെരുവുറൗഡികളും വാടകക്കൊലയാളികളുമാക്കാനുള്ള പരിശീലനമാണോ ഈ തിരഞ്ഞെടുപ്പുകൾകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്?

മറെറാരു രൂപംവഴിയില്ലേ?

അടിസ്ഥാന ജനാധിപത്യമായ പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പുകൾ പാർട്ടി നിരപേക്ഷമാവണമെന്ന ആശയത്തിനു വ്യാപകമായ അംഗീകാരം കൈവന്നിട്ടുണ്ടല്ലോ. പതിനാലോ പതിനഞ്ചോ വയസ്സിൽ താഴെയുള്ള കുട്ടികൾ മാത്രം പങ്കെടുക്കുന്ന സ്കൂളുകളിലെ തിരഞ്ഞെടുപ്പുകൾ എന്തുകൊണ്ടു തികച്ചും പാർട്ടി നിരപേക്ഷമാക്കിക്കൂടാ?

പുറമെനിന്നുള്ള ഇടപെടൽ കൂടാതെ ഓരോ ക്ലാസ്സിലെയും കുട്ടികൾ തങ്ങളുടെ ക്ലാസ് ലീഡർമാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുക; ഈ ക്ലാസ് ലീഡർമാർ ചേർന്നു സ്കൂൾ ലീഡറെ തിരഞ്ഞെടുക്കുക. ഇങ്ങനെ സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പുകൾക്കു സമാധാനപരമായ ഒരു സംവിധാനം ഏർപ്പെടുത്തിക്കൂടേ?

ജനാധിപത്യമെന്നാൽ തിരഞ്ഞെടുപ്പിനു മുമ്പുള്ള അക്രമങ്ങളാണോ? അതോ, തിരഞ്ഞെടുപ്പിനുശേഷം നടക്കുന്ന നിർമാണപരമായ പ്രവർത്തനമോ? സ്കൂളുകളിലാണെങ്കിൽ സ്കൂൾ പാർലമെൻറ്, സാഹിത്യസമ്മേളനം, മാസികാപ്രകാശനം, കലാപരിപാടികൾ, കായികാഭ്യാസങ്ങളും കളികളും, വിവിധ അവസരങ്ങളിലുള്ള പ്രത്യേക ചടങ്ങുകൾ മുതലായ സർഗാത്മക പ്രവർത്തനങ്ങളല്ലേ വിദ്യാർത്ഥികളുടെ ജനാധിപത്യം? ഇവ നടത്തുന്നതിനുള്ള നൈപുണ്യവും നേതൃത്വക്കഴിവും ആർജിക്കുവാൻ വിദ്യാർത്ഥികൾക്കു് അവസരം ഇന്നത്തെ സ്കൂൾ പാർലമെൻറുകൾ നൽകുന്നുണ്ടോ? മറിച്ചു് വിദ്യാർത്ഥികളിൽ ചിലരിലെങ്കിലും നിലീനമായ അക്രമവാസനയും ക്രൂരസാഹസികതയും വളർത്തുവാൻ മാത്രമല്ലേ ഇന്നത്തെ സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പുസമ്പ്രദായം പ്രയോജനപ്പെടുന്നുള്ളൂ?

സമാധാനത്തിന്റെ അന്തരീക്ഷത്തിൽ നടക്കേണ്ട പഠിപ്പിനു വലിയ വിഘാതമല്ലേ ഇന്നത്തെ സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പും തുടർന്നുള്ള പ്രവർത്തനങ്ങളും സൃഷ്ടിക്കുന്നതു്? ഇതിനു പരിഹാരം ഉണ്ടാക്കാവുന്നതല്ലേ?

എന്തുകൊണ്ടു് അടുത്തയാണ്ടിലെ സ്കൂൾ പാർലമെൻറ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പു് ഈ ആണ്ടു് അവസാനത്തിൽ ഫെബ്രുവരി—മാർച്ചു് മാസങ്ങളിൽ നടത്തിക്കൂടാ? അപ്പോഴേക്കു് ഓരോ വിദ്യാർത്ഥിയുടെയും കഴിവും കഴിവുകേടും മററു വിദ്യാർത്ഥികൾ മനസ്സിലാക്കിയിരിക്കും. അതിനാൽ ഓരോ സ്ഥാനത്തേക്കും പററിയ കൂട്ടുകാരെ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്കു കഴിയും. അടുത്തയാണ്ടിൽ സ്കൂൾ തുറക്കുന്ന ദിവസംമുതൽ പാർലമെൻറിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമാവാം. പത്താം സ്റ്റാൻഡേർഡിൽ ഇപ്പോൾ പഠിക്കുന്നവർക്കു തിരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി നിൽക്കാൻ കഴിയുകയില്ലെന്ന ഒരൊററ ദോഷമേ ഇതിനു പറയാനുള്ളു. അതൊരു ദോഷമാണോ? സ്കൂളുകൾക്കകത്തു വിദ്യാർത്ഥിസംഘടനകൾ ഫലപ്രദമായി പ്രവർത്തിച്ചിരുന്ന മുൻകാലങ്ങളിൽ പല പ്രമുഖ വിദ്യാലയങ്ങളിലും ഈ സമ്പ്രദായമാണു നിലവിലിരുന്നതെന്നും ഓർക്കേണ്ടതാണു്.

ഏതായാലും വിദ്യാർത്ഥികളെ അക്രമരാഷ്ട്രീയക്കാരാക്കി വളർത്തിയെടുക്കാൻമാത്രം ഉപകരിക്കുന്ന ഇന്നത്തെ സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ

സമ്പ്രദായം അടിയന്തരമായി മാററിയേ തീരൂ. നമ്മുടെ അദ്ധ്യാപക സംഘടനകളും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളും വിദ്യാഭ്യാസചിന്തകരും ഉദ്ബുദ്ധരായ പൗരരും ഗൗരവപൂർവം ഈ പ്രശ്നത്തെപ്പററി ചിന്തിക്കുകയും ഇന്നത്തെ ദുഃസ്ഥിതിക്കു ഫലപ്രദമായ പരിഹാരം നിർദ്ദേശിക്കുകയുംചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഹിററ്ലറുടെ വാഴ്ചക്കാലത്തു് ജർമനിയിലെ നാത്സി പാർട്ടി അവരുടെ യുവജനങ്ങൾക്കു നൽകിയിരുന്ന പരിശീലനത്തെപ്പററി ഞാൻ വായിച്ചിട്ടുണ്ടു്. അതേ പരിശീലനമാണു രാഷ്ട്രീയപാർട്ടികളുടെ ഒത്താശയോടെ നമ്മുടെ സ്കൂളുകളിലെ ചെറുകുട്ടികൾക്കു പാർലമെൻറ് പ്രവർത്തനമെന്നപേരിൽ ഇന്നു നൽകപ്പെടുന്നതെന്നു് എനിക്കു തോന്നുന്നു. ഒരു വ്യത്യാസം മാത്രം. നാത്സികൾ അക്രമത്തിലും അച്ചടക്കം പഠിപ്പിച്ചിരുന്നു; നാം അച്ചടക്കമില്ലാതെ അക്രമം മാത്രം പഠിപ്പിക്കുന്നു!

(25 ജൂലൈ, 1988)

# 94. ഗർഭച്ഛിദ്രം

ബ്രിട്ടനിൽ ഗർഭച്ഛിദ്രം പൂർണമായും നിയമവിധേയമായതു് 1967-ൽ ആയിരുന്നു. ഡേവിഡ് സ്റ്റീൽ എന്ന മെമ്പർ അവതരിപ്പിച്ച ബിൽ നിയമമാക്കിക്കൊണ്ടു് ആ ആണ്ടിൽ പാർലമെൻറ്, ചില പ്രത്യേക പരിതഃസ്ഥിതികളിൽ താൻ പേറുന്ന ഗർഭം അവസാനിപ്പിക്കാനുള്ള ഗർഭിണിയുടെ അവകാശം അംഗീകരിച്ചു. ഗർഭംധരിച്ചതു് ബലാൽസംഗംമൂലമാണെങ്കിലോ, ഗർഭവും പ്രസവവും ഗർഭിണിയുടെ ആരോഗ്യത്തിനു് ഹാനികരമാകുമെങ്കിലോ, ഭ്രൂണത്തിനു് എന്തെങ്കിലും വൈകല്യങ്ങളുണ്ടെങ്കിലോ ഗർഭച്ഛിദ്രം നടത്തുന്നതിനെ ബ്രിട്ടനിലെ ജനങ്ങളിൽ തൊണ്ണൂററിരണ്ടു ശതമാനത്തോളം ഇപ്പോഴും അനുകൂലിക്കുന്നുണ്ടെന്നു പറയപ്പെടുന്നു.

പക്ഷേ, ഏതു ചുററുപാടിലും ഗർഭച്ഛിദ്രത്തിനു് കത്തോലിക്കാമതം എതിരാണു്. കത്തോലിക്കർക്കു ഭൂരിപക്ഷമുള്ള ഐർലൻഡിൽ ഗർഭച്ഛിദ്രം ശിക്ഷാർഹമായ ഒരു കുററമാകുന്നു.

ബ്രിട്ടനിലെ ഗർഭച്ഛിദ്രനിയമത്തിൻെറ ഏറെക്കുറെ നേർപകർപ്പാണു് ഇന്ത്യയിലെ ഗർഭച്ഛിദ്രനിയമം. രണ്ടു കുട്ടികളുള്ള സ്ത്രീ ആവശ്യപ്പെട്ടാൽ അവളുടെ മൂന്നാമത്തെ ഗർഭം കുടുംബാസൂത്രണപരമായ കാരണത്താൽ ഇന്ത്യയിലെ ആസ്പത്രികളിൽ ഇപ്പോൾ അവസാനിപ്പിച്ചുകൊടുക്കുന്നുണ്ടു്. മൂന്നാമതൊരു കുട്ടി പിറക്കുന്നതു് അമ്മയുടെ സാമ്പത്തികഭദ്രതയ്ക്കു ഹാനികരമാവുമെന്നും അങ്ങനെ അമ്മയുടെ ആരോഗ്യത്തെക്കൂടി മൂന്നാമത്തെ കുട്ടി അപകടത്തിലാക്കുമെന്നും നിയമത്തെ അല്പം വലിച്ചുനീട്ടിയാണു് ഇതു സാധ്യമാക്കുന്നതു്.

ഗർഭച്ഛിദ്രം യഥാർത്ഥത്തിൽ കൊലപാതകമാണോ? 'അതെ' എന്നു് മതമൗലികവാദികൾ പറഞ്ഞേക്കും; 'അല്ല' എന്നു് ഭൗതികവാദികളും. ഗർഭാരംഭത്തിൻെറ ആദ്യത്തെ ഏതാനും നിമിഷങ്ങളിൽ ഭ്രൂണം ഒരൊററ കോശം മാത്രമാണു്. അതിനെ ഒരു വ്യക്തി എന്നു പറഞ്ഞുകൂടാ. പിന്നീടു് ഈ കോശം പിളർന്നു് പലതായി വളരുമ്പോഴും കുറെ കാലത്തേക്കു് അതിനു വ്യക്തിത്വം കൈവരുന്നില്ല. കാരണം, ഗർഭപരിസ്ഥിതിയിൽനിന്നു വിട്ടു് സ്വതന്ത്രമായി ഭ്രൂണത്തിനു നിലനില്പില്ല. വൈദ്യശാസ്ത്രത്തിൻെറ പുരോഗതിയുടെ ഫലമായി ഏഴു മാസം (ഇരുപത്തെട്ടു് ആഴ്ച) പ്രായമെത്തിയാൽ ഭ്രൂണത്തെ അമ്മയുടെ ഗർഭാശയത്തിൽനിന്നു പുറത്തെടുത്തും വളർത്താമെന്ന നില ഇപ്പോൾ കൈവന്നിട്ടുണ്ടു്. ഈ ഘട്ടംമുതൽ ഭ്രൂണത്തിനു സ്വതന്ത്രവ്യക്തിത്വം ലഭിക്കുന്നതായി